കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 12, വെള്ളി

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2014 ഡിസംബർ മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(നിയമസഭാ നടപടികൾ ആരംഭിച്ചയുടനെ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരുടെ ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റ് ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം മുഴക്കി ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *271

ജെൻഡർ പാർക്കുകൾ

1 (*271) ശ്രീ. കെ. മുരളീധരൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ചോദ്യോത്തരവേളയാണ്. ബഹുമാന്യരായ അംഗങ്ങൾ ഇരിക്കണം..... (ബഹളം).....ചോദ്യോത്തരവേളയിൽ സാധാരണ ബഹളം വയ്ക്കാറില്ല. ബഹുമാന്യരായ അംഗങ്ങൾ ഇരിക്കണം. (ബഹളം)...

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ,

(എ) സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. വനിതകളുടെ സാമ്പത്തിക-സാമൂഹ്യ പുരോഗതിക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ കോഴിക്കോട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 24 ഏക്കർ സ്ഥലത്തായിരിക്കും ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. ഇതുകൂടാതെ ക്യാമ്പസിന് പുറത്തുള്ള വിവിധ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. കൂടാതെ, ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പദ്ധതിയായ 'ഷീ ടാക്സി' കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടുകൂടി നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) . കോഴിക്കോട് നിലവിൽ വരുന്ന ജെൻഡർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖ തയ്യാറാക്കുന്നതിന് കോഴിക്കോട് ആസ്ഥാനമായുള്ള സ്പെയ്സ് ആർട്ട് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ജെൻഡർ പാർക്കിന് ആവശ്യമായിട്ടുള്ള രൂപരേഖ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാക്കി 2015 മാർച്ചിന് മുമ്പായി നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പരിപാടികളിൽ ആദ്യത്തേതായി വനിതാ യാത്രക്കാർക്ക് വേണ്ടി വനിതകളുടെ ഉടമസ്ഥതയിലുള്ളതും വനിതകൾ ഓടിക്കുന്നതുമായ 'ഷീ ടാക്സി' പദ്ധതി തിരുവനന്തപുരത്തും എറണാകുളത്തും തുടക്കം കുറിച്ചിട്ടുണ്ട്. അടുത്തുതന്നെ കോഴിക്കോടും പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ,"ഫുഡ് ഓൺ വീൽസ്" എന്ന നൂതന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, മറുപടി വേണ്ട..... ചോദ്യോത്തരവേള തുടർന്നുകൊണ്ടുപോകണോ?....യെസ്.....യെസ്..... സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(ചോദ്യോത്തരവേള രാവിലെ 8.31-ന് നിർത്തിവച്ചു.)

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അട്ടപ്പാടിയിലെ ആദിവാസികൾക്ക് സാമൂഹ്യനീതി വകുപ്പ് പ്രഖ്യാപിച്ച ക്ഷേമപദ്ധതികൾ

2 (*272) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അട്ടപ്പാടിയിലെ ആദിവാസികൾക്ക് വകുപ്പ് പ്രഖ്യാപിച്ച ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly